66904463
File No - 66904463/25

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്മിൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം .പി3/1857/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/09/2025
ഇ-മെയിൽ: doklm.ksad@kerala.gov
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കമ്മിൾ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പി.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം .പി3/1857/25 തീയ്യതി: 29/09/2025

## കൊല്ലം ജില്ലയിലെ കമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്,

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മണിലാൽ. വി | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 20-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 20-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അനിൽ. ആർ ,ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷീബമോൾ ജോക്കബ്,അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ്, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.വിഷ്ണുപ്രിയ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.മധു | പ്രസിഡന്റ് | 01-04-2024 | 18-01-2025 |
| ശ്രീ.കെ.കൃഷ്ണപിള്ള | പ്രസിഡന്റ് | 19-01-2025 | 31-03-2025 |
| ശ്രീ.ലൗജി.എം.നായർ | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ.അനിലാൽ | സെക്രട്ടറി-ഇൻ- ചാർജ്ജ് | 01-06-2024 | 08-09-2024 |
| ശ്രീ.സുധീർ.ഇ | സെക്രട്ടറി-ഇൻ- ചാർജ്ജ് | 09-09-2024 | 22-09-2024 |
| ശ്രീ.മുഹമദ് റിസ.എ | സെക്രട്ടറി | 23-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിലാൽ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 08-09-2024 |
| ഒഴിഞ്ഞു കിടക്കുന്നു | അസ്സിസ്റ്റന്റ് സെക്രട്ടറി | 09-09-2024 | 22-09-2024 |
| ശ്രീ.ബൈജു.എം.ബഷീർ | അസ്സിസ്റ്റന്റ് സെക്രട്ടറി | 23-09-2024 | 31-03-2025 |
| ശ്രീമതി.ദീപിക | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 04-09-2024 |
| ശ്രീമതി.സൗമ്യ | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 05-09-2024 | 31-03-2025 |
| ശ്രീ.സതിഷ്.കെ.ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അഞ്ജന ജോസി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.രാധാകൃഷ്ണൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ.സ്മിത.എസ്സ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.അരുണ പാർവ്വതി.എൽ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 30-10-2024 |
| ഡോ.സുനിത കുമാരി.കെ.വി | മെഡിക്കൽ ഓഫീസർ ഹോമിയോ | 30-10-2024 | 11-11-2024 |
| ഡോ.ഐഷ.ജെ.ഹസ്സൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 11-11-2024 | 31-03-2025 |
| ശ്രീ.അരുൺ പ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2024 | 27-12-2024 |
| ശ്രീ.അഭിലാഷ്.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 27-12-2024 | 20-01-2025 |
| ഒഴിഞ്ഞു കിടക്കുന്നു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 21-01-2025 | 11-02-2025 |
| ശ്രീമതി.നഹാന.എഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 12-12-2024 | 31-03-2025 |
| കുമാരി.ദേവി.എസ്സ്.കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 11-02-2025 | 31-03-2025 |
| ശ്രീമതി.നമിത ജസ്റ്റിൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.സാബിനിസ | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ.അജിഷ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്<br>Written By: Sheebamol Jacob (Asst. Audit Officer , On 18-08-2025 )<br>Last Updated By: Manilal V (Deputy Director , On 29-08-2025 ) | 1- |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Sheebamol Jacob (Asst. Audit Officer , On 27-09-2025 ) | 1-1. |
| 3 | NHM ലെഡ്ജർ പ്രകാരം (320200207 - B 4 ) ഉള്ള കണക്കും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Sheebamol Jacob (Asst. Audit Officer , On 26-09-2025 ) | 1-1. |
| 4 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് കണക്കുകൾ ACR ഉം AFS ഉം ആയി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം രൂപ.454653/-<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-1- |
| 5 | M.G.N.R.E.G.S ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവു കണക്കുകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-1-4 |
| 6 | സ്വച്ഛ് ഭാരത് അഭിയാൻ- ട്രയൽ ബാലൻസ് പ്രകാരം വരവും നീക്കിയിരിപ്പും ഉണ്ട്, വാർഷിക ധനകാര്യ പത്രികയിൽ ഇല്ല.<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-1-5 |
| 7 | B-18 (460100199) ഹെഡിലെ Other Advance തുക രൂപ 101759/- ക്രമീകരിച്ചിട്ടില്ല<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-1-6 |
| 8 | AFS B-18 ഷെഡ്യൂളിൽ വിവിധ അഡ്വാൻസ് ശീർഷകങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന വ്യക്തമല്ല.<br>Written By: Sheebamol Jacob (Asst. Audit Officer , On 29-08-2025 )<br>Last Updated By: Sheebamol Jacob (Asst. Audit Officer , On 28-09-2025 ) | 1-1-7 |
| 9 | ബജറ്റ്<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Vishnu Priya (Senior Grade Auditor , On 24-08-2025 ) | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Manilal V (Deputy Director , On 19-09-2025 ) | 1-3 |
| 11 | ഫണ്ട്-വിനിയോഗം<br>Written By: Vishnu Priya (Senior Grade Auditor , On 28-08-2025 )<br>Last Updated By: Manilal V (Deputy Director , On 29-09-2025 ) | 1-4 |
| 12 | പദ്ധതിഅവലോകനം<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 29-09-2025 ) | 1-6 |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Sheebamol Jacob (Asst. Audit Officer , On 26-09-2025 ) | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം<br>Written By: Anil R (Audit Officer , On 25-09-2025 )<br>Last Updated By: Abhaya T S (Computer Assistant , On 27-09-2025 ) | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vishnu Priya (Senior Grade Auditor , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-10 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി- രേഖകൾ ഹാജരാക്കിയില്ല<br>Written By: Anil R (Audit Officer , On 14-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-11 |

| | | |
|---|---|---|
| 19 | പച്ചക്കറി - വനിത എസ്സ്.സി(132/25)-സ്പിൽ ഓവർ പദ്ധതി-മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക വായ്പ നൽകിയ ബാങ്കിന്റെ അക്കൗണ്ടിലേക്ക് നൽകി.<br>Written By: Vishnu Priya (Senior Grade Auditor , On 29-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-12 |
| 20 | പച്ചക്കറി വനിത(131/25 )-സ്പിൽ ഓവർ പദ്ധതി -മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക വായ്പ നൽകിയ ബാങ്കിന്റെ അക്കൗണ്ടിലേക്ക് നൽകി<br>Written By: Vishnu Priya (Senior Grade Auditor , On 29-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-08-2025 ) | 1-13 |
| 21 | തേനീച്ച വളർത്തൽ പദ്ധതി- പൂർത്തിയാക്കിയില്ല<br>Written By: Anil R (Audit Officer , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-14 |
| 22 | സമഗ്ര നെൽകൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Anil R (Audit Officer , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-15 |
| 23 | ജൈവപച്ചകറി കൃഷിക്ക് സബ്സിഡി -എല്ലാ അപേക്ഷകർക്കും ലഭിച്ചില്ല.<br>Written By: Anil R (Audit Officer , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-16 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭിച്ചില്ല<br>Written By: Anil R (Audit Officer , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-17 |
| 25 | വെള്ളക്കരം കടിശിക-സംയുക്ത പരിശോധന നടത്തുന്നില്ല.<br>Written By: Judith Varghese (Senior Grade Auditor , On 24-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 22-09-2025 ) | 1-18 |
| 26 | പി.എച്ച്.സിക്ക് മരുന്ന വാങ്ങൽ-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു<br>Written By: Judith Varghese (Senior Grade Auditor , On 21-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 29-09-2025 ) | 1-19 |
| 27 | ഹരിതകർമ്മസേനക്ക് രസീത് ബുക്ക് അച്ചടിച്ച വകയിൽ തുക അധികം നൽകി<br>Written By: Judith Varghese (Senior Grade Auditor , On 21-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-20 |
| 28 | ഹെൽത്ത് ഗ്രാന്റ് അവലോകനം<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-21 |
| 29 | ജലജീവൻമിഷൻ അവലോകനം<br>Written By: Vishnu Priya (Senior Grade Auditor , On 30-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 1-22 |


## ഭാഗം 2

--- No Records Found ---

## ഭാഗം 3


| | | |
|---|---|---|
| 1 | ഹരിതകർമ്മസേനക്ക് രസീത് ബുക്ക് അച്ചടിച്ച വകയിൽ തുക അധികം നൽകി<br>Written By: Judith Varghese (Senior Grade Auditor , On 13-09-2025 )<br>Last Updated By: Abhaya T S (Computer Assistant , On 27-09-2025 ) | 3-1 |


## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Manilal V (Deputy Director , On 29-09-2025 ) | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 4-6 |
| 7 | സ്ഥിര നിക്ഷേപം<br>Written By: Judith Varghese (Senior Grade Auditor , On 17-08-2025 )<br>Last Updated By: Abhaya T S (Computer Assistant , On 23-09-2025 ) | 4-7 |

8 ഓഡിറ്റ് റിക്കവറി
Written By: Judith Varghese (Senior Grade Auditor , On 17-08-2025 )
Last Updated By: Abhaya T S (Computer Assistant , On 23-09-2025 )

9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
Written By: Judith Varghese (Senior Grade Auditor , On 17-08-2025 )
Last Updated By: Abhaya T S (Computer Assistant , On 23-09-2025 )

10 ചാർജ് /സർചാർജ് നടപടികളുടെ വിവരം
Written By: Judith Varghese (Senior Grade Auditor , On 17-08-2025 )
Last Updated By: Abhaya T S (Computer Assistant , On 23-09-2025 )

11 ഓഡിറ്റ് പ്രത്യവലോകനം
Written By: Sheebamol Jacob (Asst. Audit Officer , On 30-08-2025 )
Last Updated By: Abhaya T S (Computer Assistant , On 29-09-2025 )

12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
Written By: Judith Varghese (Senior Grade Auditor , On 17-08-2025 )
Last Updated By: Manilal V (Deputy Director , On 29-09-2025 )

**അനുബന്ധം**

1 ഓഡിറ്റ് സാക്ഷ്യപത്രം

2 ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 02/06/2025 ലെ 3(I) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 24/06/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി :29.09.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെ പറ... പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

**1-1-2 NHM ലെഡ്ജർ പ്രകാരം (320200207 - B 4 ) ഉള്ള കണക്കും വാർഷിക ധനകാര്യ പത്രിക... പൊരുത്തപ്പെടുന്നില്ല**

**NHM ലെഡ്ജർ പ്രകാരം ഉള്ള കണക്കും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല**

NHM ലെഡ്ജർ പ്രകാരം മുന്നിരിപ്പ് 4,50,000/- രൂപ ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ... ചെലവും ഇല്ല. ട്രയൽ ബാലൻസിൽ 4,50,000/- രൂപ ചെലവ് ഉണ്ട്. ഇത് സംബന്ധിച്ച നൽകിയ ... എൻക്വയറിക്ക്, ടി ഇക ചെലവഴിച്ചിട്ടുണ്ടെന്നും ആയത് ക്രമീകരിക്കുന്നതിനാണ് ജേർണൽ എൻട്രി നടത്തി... ഹെഡിലേക്ക കൊണ്ടുവന്നത് എന്ന മറുപടി ലഭ്യമാക്കി. മേലിൽ വാർഷിക ധനകാര്യ പത്രികയും ... കണക്കുകളും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/14-8-25

**1-1-3 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് കണക്കുകൾ ACR ഉം AFS ഉം ആയി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം രൂപ.454653/-**

മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് ചെലവ് കണക്കുകൾ ACR ഉം AFS ഉം ആയി പൊരുത്തപ്പെടു... വ്യത്യാസം രൂപ.454653/- . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, എ.ഇ. നിർവഹ... ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 143/25, നമ്പർ 146/25 ( യഥാക്രമം ചെലവ് ഇക രൂപ 19212... രൂപ 262525/- ആകെ രൂപ 454653/- ) എന്നിവ അപ്രൂവ്ഡ് സ്റ്റാറ്റസിനു പകരം സെന്റ് ടു ടെക്നിക... ഡീറ്റെയിൽസ് എൻട്രി എന്ന് തെറ്റായി രേഖപെടുത്തിയിരുന്നതിനാൽ ആണ് ഈ വ്യത്യാസം വന്നതെന്ന് മറു... ലഭ്യമാക്കി. ഇത്തരം തെറ്റായ രേഖപ്പെടുത്തലുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-5/14-8-25

**1-1-4 M.G.N.R.E.G.S ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവു കണക്കുകൾ എഎഫ്എസുമായി പൊരുത്തപ്പെടുന്നില്ല**

2024-25 വാർഷിക ധനകാര്യ പത്രികയിൽ I-6 (160100628) ഹെഡിൽ MGNREGS ആകെ വരവ് 5,51,40,875/- രൂപയാണ്. I-14 F (256100116) ഹെഡിൽ Administralive Expenses MGNREGA ചെലവ് ഇക രൂപ 4,81,04,561/- കാണിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള Administrative Expenses MGNREGS ഇക രൂപ 16,51500/- ആണ് .

ഈ വ്യത്യാസത്തിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, റവന്യൂ ചെലവും ആസ്തി നിർമ്മാണത്തിന് നൽകിയ കൂലിയും കൂടി ഉൾപെടുത്തിയതിനാലാണ് ഈ വ്യത്യാസം ഉണ്ടായതെന്ന് മറുപടി ലഭ്യമാക്കി. വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.നമ്പർ-14/19-08-2025

**1-1-5 സ്വച്ഛ് ഭാരത് അഭിയാൻ- ട്രയൽ ബാലൻസ് പ്രകാരം വരവും നീക്കിയിരിപ്പും ഉണ്ട്. വാർഷിക ധനകാര്യ പത്രികയിൽ ഇല്ല.**

സ്വച്ഛ് ഭാരത് അഭിയാൻ - ട്രയൽ ബാലൻസ് പ്രകാരം വരവും നീക്കിയിരിപ്പും ഉണ്ട്, വാർഷിക ധനകാര്യ പത്രികയിൽ ഇല്ല.

സ്വച്ഛ് ഭാരത് അഭിയാൻ (ഫേസ് 2 ) PFMS - ട്രയൽ ബാലൻസ് (312100174) പ്രകാരം രൂപ 1153952/- വരവും നീക്കിയിരിപ്പും ഉണ്ട്, ചെലവില്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ഹെഡിൽ വരവ്/ചെലവ്/ നീക്കിയിരിപ്പ് ഇല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി മുഖേന ആരാഞ്ഞപ്പോൾ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/14-8-25

### 1-1-6 B-18 (460100199) ഹെഡിലെ Other Advance തുക രൂപ 101759/- ക്രമീകരിച്ചിട്ടില്ല

**B-18 (460100199) ഹെഡിൽ Other Advance തുക. രൂപ 101759/- ക്രമീകരിച്ചിട്ടില്ല**

2024-25 വാർഷിക ധനകാര്യ പത്രികയിൽ B-18 (460100199) ഹെഡിൽ Other Advance തുക രൂപ 101759/- കാണപ്പെടുന്നു. ഇത് പ്രേരകിന്റെ മാസ വേതനം ഇനത്തിൽ പഞ്ചായത്തിൽ നിന്ന് നൽകിയ തുകയാണെന്നും സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതായിരിക്കും എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. തുക യഥാസമയം ലഭ്യമാക്കി ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-11/18-8-25

### 1-1-7 AFS B-18 ഷെഡ്യൂളിൽ വിവിധ അഡ്വാൻസ് ശീർഷകങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന വ്യക്തമല്ല.

AFS B-18 ഷെഡ്യൂളിൽ ചുവടെ ചേർത്തിരിക്കുന്ന വിവിധ അഡ്വാൻസ് ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന വ്യക്തമല്ല.

B-18 (460100201) Advance To Implementing Agencies - Deposit With Kerala Water Authority Rs. 28,87,945/-

B-18 (460100202) Advance To Implementing Agencies - Deposit With Kerala Electricity Board Rs. 13,75,318/-

B-18 (460100204) Advance To Implementing Agencies - Deposit With Ground Water Department Rs. 58,97,870/-

## 1-2 ബജറ്റ്

കമ്മിൾ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 09.02.24 ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.04.25 ലെ നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,06,65,382/- രൂപ |
| വരവ് | 5,05,27,326/- രൂപ |
| ആകെ | 7,11,92,708/- രൂപ |
| ചെലവ് | 3,92,79,789/- രൂപ |
| നീക്കിയിരിപ്പ് | 3,19,12,919 /- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 3050/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 633845/- രൂപ |

## 1-4 ഫണ്ട്-വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16741000/- | 16741000/- | 16725400/- | 15600/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6836000/- | 6836000/- | 6836000/- | 0 |
| മെയിന്റനൻസ്,നോൺ-റോഡ് | 0 | 4843000/- | 4843000/- | 4310553/- | 532447/- |
| മെയിന്റനൻസ്, റോഡ് | 0 | 9369000/- | 9369000/- | 6899505/- | 2469495/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്(ബാങ്ക്) | 416173/- | 3062633/- | 3478806/- | 1977963/- | 1500843/- |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | | 5212924/- | 5888500/- | 11101424/- | 2596318/- | *8505106/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | | 0 | 1639438 | 1639438/- | 1288215/- | 351223 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് (ട്രഷറി) | | 0 | 40000 | 40000 | 0 | 40000 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| റ്റി.എസ്.സി | | 607944 | 0 | 607944 | 0 | 607944 |
| സ്വച്ഛ് ഭാരത് അഭിയാൻ (ഫേസ് 2) | | 0 | 0 | 0 | 0 | 0 |
| ICDS | | 1913426 | 2110586 | 4024012 | 341880 | 3682132 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | ഭരണച്ചെലവ് | 432 | 1651253 | 1651685 | 1651500 | 185 |
| | തൊഴിലാളികളുടെ കൂലി | | 53489375 | 53489375 | 53489375 | |
| ഹെൽത്ത് ഗ്രാന്റ് -ഡയഗനോസ്റ്റിക്ക് | | 198533 | 342502 | 541035 | 223561 | 317474 |
| ഹെൽത്ത് ഗ്രാന്റ് – വെൽനെസ് | | 13950 | 549551 | 563501 | 7000 | 556501/- |
| സംസ്ഥാന ആവിഷ്കൃത പദ്ധതി | | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 1940000 | 4200000 | 6140000 | 3030000 | 3110000 |

*AFS-ലെ B4 ഷെഡ്യൂളുമായി 16,172 രൂപ വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 143652420 | 154 | 55658401 | 0 | 42 | 78.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ MNREGS A/C | 432 | 1651253 | 1651685 | 1651500 | 185 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 53489375 | 46453061 | 7036314 | 53489375 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1626800 |
| വിധവാ പെൻഷൻ | 17795900 |
| വാർദ്ധക്യകാല പെൻഷൻ | 34225000 |
| വികലാംഗപെൻഷൻ | 4649500 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 402200 |
| വിവാഹ ധനസഹായം | 250000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.08.25, 03.45 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസത്തെ ഡേ ബുക്ക് പ്രകാരം ഒടുക്ക് വരുത്തിയ 840/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീത് മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ILGMS വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമല്ല. R-Track രജിസ്റ്ററിൽ എല്ലാ ആസ്തികളുടെ വിവരങ്ങളും വന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാ വർഷവും കൂടി തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും തുടർന്ന് പദ്ധതികളിൽ അവലോകനം നടത്തുന്നതായി മിനിറ്റ്സിൽ ഇല്ല. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

തൻവർഷം ഗ്രാമസഭ രണ്ട് തവണ കൂടിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ എന്ന ക്രമം പാലിക്കാൻ സാധിച്ചിട്ടില്ല.

സ്കോളർഷിപ്പ് പോലുള്ള ഏക സാക്ഷ്യപത്രത്തിനെ അടിസ്ഥാനപ്പെടുത്തി ധനസഹായം നൽകുന്ന പദ്ധതികളിൽ വിദ്യാർത്ഥികൾ ഹാജരാക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ് സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ രേഖകൾ സൂക്ഷിക്കുന്നതിലും നിർവ്വഹണത്തിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനും, യഥാസമയം പൂർത്തീകരിക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. സ്ഥിരം സമിതികളും ഭരണസമിതിയും പദ്ധതി നിർവ്വഹണത്തിൽ മോണിറ്ററിംഗ് നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.2.23 | 10/22-12/22 | 5.4.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.9.2017 | 2010-11 To 2015-16 | 10.11.2017 |

## 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം- 124/25

അടങ്കൽ-140000/-(എസ്.സി.പി)

ചെലവ്-139164/-(240406520087004l9723/17-7-24)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതിയിൽ 28 വിദ്യാർത്ഥികൾക്ക് ആർട്ട്കോയിൽ നിന്ന് മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ അപേക്ഷകൾ, അനുബന്ധരേഖകൾ, വാങ്ങൽ സംബന്ധിച്ച ക്വട്ടേഷൻ വി... മേശയുടെയും കസേരയുടെയും സ്പെസിഫിക്കേഷൻ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിതരണ ... കൈപ്പറ്റ് രസീതുമാണ് ലഭ്യമാക്കിയത്. ബാക്കി രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി ... ആവശ്യപ്പെട്ടങ്കിലും അവ ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ 139164/-രൂപയുടെ ... തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.13/19-8-25

തടസ്സപ്പെടുത്തിയ തുക-139164/-രൂപ

